# കേരള സർവകലാശാല

നം.പി.ആർ.202/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സമ്പർക്കക്ലാസ് ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിലേയും എല്ലാ കേന്ദ്രങ്ങളിലേയും എം.ബി.എ, ബി.ബി.എ ക്ലാസ്സുകൾ ഒഴികെയുള്ള സമ്പർക്കക്ലാസുകൾ ഒക്ടോബർ 29, 30 തീയതികളിൽ ഉണ്ടായിരിക്കില്ല.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ലാബ് പരീക്ഷ മാറ്റി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ലാബ് പരീക്ഷ ഒക്ടോബർ 26, 27, 28 തീയതികളിൽ നിന്നും നവംബർ നാല്, ഏഴ്, എട്ട് തീയതികളിലേക്ക് മാറ്റി. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

### എം.എസ്സി ബയോടെക്നോളജി വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി ബയോടെക്നോളജി പരീക്ഷയുടെ വൈവ നവംബർ രണ്ട് മുതൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) പരീക്ഷാകേന്ദ്രങ്ങളിലും ലഭിക്കും.

### എം.ഫിൽ വൈവ

കേരള സർവകലാശാല കാര്യവട്ടം സുവോളജി പഠനവകുപ്പിലെ രണ്ടാം സെമസ്റ്റർ എം.ഫിൽ (2015-16 ബാച്ച്) വൈവ നവംബർ 23-ന് നടത്തും.

### ബി.എഡ് പരീക്ഷ

കേരള സർവകലാശാല നടത്തുന്ന മൂന്നാം സെമസ്റ്റർ ബി.എഡ് (2015 സ്കീം - റഗുലർ) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ അഞ്ച് (50 രൂപ പിഴയോടെ നവംബർ എട്ട്, 250 രൂപ പിഴയോടെ നവംബർ 10) വരെ ഓൺലൈനായി അപേക്ഷിക്കാം. ഒക്ടോബർ 26 മുതൽ രജിസ്ട്രേഷൻ നടത്താം.

### തീയതി നീട്ടി

കേരള സർവകലാശാലയിൽ (ഐ.യു.സി.ജി.ഐ.എസ്.ടി) പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് & ടെക്നോളജി കോഴ്സിന് അപേക്ഷിക്കേണ്ട തീയതി നവംബർ 10 വരെ നീട്ടി. യോഗ്യത : ജിയോളജി, ജിയോഗ്രഫി, എൻവയോൺമെന്റ് സയൻസ്, കമ്പ്യൂട്ടർ സയൻസ്, ഫിസിക്സ് ഇവയിൽ ഏതിലെങ്കിലും ബിരുദാനന്തര ബിരുദം. ഫോൺ. 0471-2308214. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.cgist.ac.in) ലഭിക്കും.

### ബി.എസ്സി ബയോകെമിസ്ട്രി പ്രാക്ടിക്കൽ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ ബി.എസ്സി ബയോകെമിസ്ട്രി ആൻഡ് ഇൻഡസ്ട്രിയൽ മൈക്രോബയോളജിയുടെ (കോർ ബയോകെമിസ്ട്രി) പ്രാക്ടിക്കൽ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം സെപ്റ്റംബറിൽ നടത്തിയ ഒന്നാം വർഷ എം.എ മ്യൂസിക് റീ-അപിയറൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 15 മുതൽ തൈക്കാട് മ്യൂസിക് പഠനവകുപ്പിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിലും മ്യൂസിക് പഠനവകുപ്പിലും (www.keralauniversity.ac.in) ലഭിക്കും.

## പി.ജി.ഡി.ഐ.പി.ആർ സൂക്ഷ്മപരിശോധന

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം പ്രസിദ്ധീകരിച്ച പി.ജി.ഡി.ഐ.പി.ആർ പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി ഒക്ടോബർ 31-ൽ നിന്ന് നവംബർ 15 ലേക്ക് മാറ്റി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ഫാം പരീക്ഷ

കേരള സർവകലാശാല നവംബർ 25-ന് നടത്താനിരിക്കുന്ന നാലാം വർഷ ബി.ഫാം (അവസാന വർഷം - സപ്ലിമെന്ററി) പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ നാല് (50 രൂപ പിഴയോടെ നവംബർ ഏഴ്, 250 രൂപ പിഴയോടെ നവംബർ എട്ട്) വരെ ഫീസ് അടയ്ക്കാം. 2008-ന് മുമ്പ് അഡ്മിഷൻ നേടിയവർക്ക് ഈ പരീക്ഷയെഴുതാൻ സാദ്ധ്യമല്ല.

## ബി.ഫാം പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല നവംബറിൽ നടത്തുന്ന നാലാം വർഷ ബി.ഫാം പരീക്ഷയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, പാറശ്ശാല ശ്രീകൃഷ്ണ കോളേജ് ഓഫ് ഫാർമസി, പുനലാൽ ഡെയിൽ വ്യൂ കോളേജ് ഓഫ് ഫാർമസി, നെയ്യാറ്റിൻകര മാരായമുട്ടം എഴുത്തച്ഛൻ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസ്, മാർ ദിയോസ് കോറസ് കോളേജ് ഓഫ് ഫാർമസി എന്നീ കോളേജുകളിൽ നിന്ന് ഹാൾടിക്കറ്റ് വാങ്ങി തിരുവനന്തപുരം മെഡിക്കൽ കോളേജ് കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസിൽ പരീക്ഷയെഴുതണം. ചേർത്തല സെന്റ് ജോസഫ്സ് കോളേജ് ഓഫ് ഫാർമസിയിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

## പി.എച്ച്.ഡി പ്രവേശനപ്പരീക്ഷ 2016 : തിരുത്ത്

കേരള സർവകലാശാല പി.എച്ച്.ഡി (പാർട്ട് ടൈം & ഫുൾടൈം) പ്രവേശനപ്പരീഷ വിജ്ഞാപനത്തിൽ പരമാവധി 200 മാർക്ക് ആപ്റ്റിറ്റ്യൂഡ്/എൻട്രൻസ് ടെസ്റ്റിന് എന്ന് പരാമർശിച്ചിട്ടുള്ളത് 100 മാർക്കായി തിരുത്തി വായിക്കേണ്ടതാണ്.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
28.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098